സി 2/13759/റ്റി.സി /07

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരളം, തിരുവനന്തപുരം
തീയതി: 26.03.2008

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും (ചെക്ക് പോസ്റ്റ്)

സർ,

വിഷയം : മോട്ടോർ വാഹന വകുപ്പ്- കേരളാ റോഡു സുരക്ഷാ അതോറിറ്റി നിയമം -2007 പ്രകാരമുള്ള ഒറ്റത്തവണ സെസ്സ് - സംബന്ധിച്ച്

സൂചന:

2007 ലെ കേരളാ റോഡു സുരക്ഷാ അതോറിറ്റി നിയമം 10-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കു ന്നത്, സംസ്ഥാനത്ത് ഉപയോഗിക്കുന്നതോ ഉപയോഗിക്കു ന്നതിനായി സൂക്ഷിച്ചിട്ടുള്ളതോ ആയ ഏതൊരു മോട്ടോർ വാഹനത്തിന്മേലും അങ്ങനെയുള്ള വാഹനങ്ങൾക്കായി നിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ ഒറ്റത്തവണ സെസ്സ് പിരിച്ചെടുക്കേണ്ടതാണ് എന്നാണ്. ആയതിനാൽ ചെക്ക് പോസ്റ്റുകളിൽ കൂടി വരുന്ന എല്ലാ വാഹനങ്ങളിൽ നിന്നും ഈ തുക ഈടാക്കേണ്ടതും ടി.ആർ. 5 രസീത് നൽകേണ്ടതുമാണ്. മാത്രമല്ല വാഹന പരിശോധന സമയത്തും ഉദ്യോഗസ്ഥർക്ക് പ്രസ്തുത സെസ്സ് ഈടാക്കാവു ന്നതാണ്.

ഓരോ വാഹനങ്ങൾക്കുമുള്ള സെസ്സിന്റ നിരക്ക് ഒപ്പം ചേർക്കുന്നു.

| നമ്പർ | വാഹനത്തിന്റെ ഇനം | സെസ്സിന്റെ നിരക്ക് |
|---|---|---|
| 1 | ഹെവി മോട്ടോർ വാഹനം | 250 രൂപ |
| 2 | മീഡിയം മോട്ടോർ വാഹനം | 150 രൂപ |
| 3 | ലൈറ്റ് മോട്ടോർ വാഹനം | 100 രൂപ |
| 4 | ഇരുചക്ര വാഹനം | 50 രൂപ |

ഓരോ ദിവസവും ഇപ്രകാരം പിരിച്ചെടുക്കുന്ന തുക അടുത്ത ദിവസം തന്നെ 0041-00 -800-99 - Other receipts" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. ഓരോ മാസത്തെയും സെസ്സ് വഴി പിരിച്ചെടുക്കുന്ന തുക അതാത് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ മുഖാന്തിരം ഈ ആഫീസിൽ അടുത്ത മാസം 1-ാം തീയതി തന്നെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ